(സി) കലാമണ്ഡലത്തിലെ കോഴ്സുകളും കഴിഞ്ഞവർക്കു ഗവൺമെൻറ് സർവ്വീസിൽ ജോലി ലഭിക്കുവാൻ സാദ്ധ്യത കുറവാണ്. എന്നാൽ അവർക്കു പൊതു കലാപരിപാടികളിലും മറ്റും പങ്കെടുക്കാവുന്നതും അതുവഴി ജോലി ലഭ്യമാകുന്നതുമാണ്.

(ഡി) ഇതുസംബന്ധിച്ച് കലാമണ്ഡലം വിദ്യാർത്ഥി സമാജം സെക്രട്ടറി സമർപ്പിച്ചിട്ടുള്ള നിവേദനം ഗവൺമെൻറ് പരിശോധിച്ചുവരുന്നു.

സംവരണം

502 [909] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായർ സർവ്വീസ് സൊസൈറ്റിയുടെ സപ്തതിയാഘോഷ മേളയിൽ മുഖ്യമന്ത്രി സംവരണക്കാര്യത്തിൽ നീക്കുപോക്ക് ഉണ്ടാക്കുന്നതിനുള്ള സാദ്ധ്യത സർക്കാരിനുണ്ടെന്ന് പ്രസ്താവിച്ചിട്ടുണ്ടായിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഏതുതരത്തിലുള്ള നീക്കുപോക്കിനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ, ബി) സംവരണപ്രശ്നം പുനഃപരിശോധനയ്ക്ക് വിധേയമാക്കാൻ ഇപ്പോഴും തീരുമാനമില്ല.

ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരെ കൈയേറ്റം ചെയ്ത സംഭവം

503 [910] ശ്രീ. എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി മരം കടത്തിക്കൊണ്ടുപോകുന്നവരെ തടഞ്ഞതിന് ഫോറസ്റ്റുദ്യോഗസ്ഥൻമാരെ കൈയേറ്റം ചെയ്ത ഏതെങ്കിലും സംഭവം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) മിക്ക കേസ്സുകളിലും ജീവനക്കാരെ കൈയേറ്റം ചെയ്ത പ്രതികൾക്കെതിരെ കേസ് ചാർജ് ചെയ്യുകയും ചില കേസ്സുകളിൽ പോലീസ് അന്വേഷണം നടത്തി വരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly